17/02/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920

Email:- sic@kerala.nic.in

## ഹർജി നമ്പർ AP.No.582(5)/19/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No.4155/SIC-G7/2019

**സന്നിഹിത**

**ശ്രീമതി ശ്രീലത പി.ആർ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ജോസഫ് സഖറിയ. വി.ജെ,
ഡോർ നം. 9/325 A (പഴയത്) 16/185 (പുതിയത്),
വേലശ്ശേരി ഹൗസ്, കുമ്പളങ്ങി,
കൊച്ചി – 682 007
} അപ്പീൽഹർജിക്കാരൻ

**The State Public Information Officer &**
**Deputy Commissioner of Police (ADMN),**
**City Police Office, Kochi City.**

**The Appellate Authority & District Police Chief,**
**City Police Office, Kochi.**
} **Respondents `**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 28.11.2018 |
| ഒന്നാം എതിർകക്ഷിയുടെ മറുപടി | 10.12.2018 |
| ഒന്നാം അപ്പീൽ | 29.12.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 28.01.2019 |
| രണ്ടാം അപ്പീൽ | 10.03.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 18.11.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, എറണാകുളം |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, 21.11.2018 ൽ പബ്ലിഷ് ചെയ്ത സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ ജൂനിയറായിട്ടുള്ളതും പ്രസ്തുത ലിസ്റ്റിലെ 471–ാം നമ്പരായി ലിസ്റ്റിൽ ഉൾപ്പെടുത്തിയ ശ്രീ. പി.എം. അഷറഫ് എന്ന പോലീസ് ഉദ്യോഗസ്ഥനെ 01.12.2008 ൽ റഗുലറൈസ് ചെയ്തു എന്നും ശ്രീ. ജോസഫ് സക്കറിയയെ 01.04.1988 എറണാകുളം എ.ആർ ബാച്ച്കാരായ ശ്രീ. അഷറഫിന്റെ പിന്നിലായി എസ്.എൽ നമ്പർ 726 ആയി 01.07.2012 ൽ റെഗുലറൈസ് ചെയ്തത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ടി ഉത്തരവിൽ ഒരു ജില്ലയിലെ ലോക്കൽ പോലീസ് സ്റ്റേഷനിൽ നിന്നും മറ്റൊരു ജില്ലയിലെ ലോക്കൽ പോലീസ് സ്റ്റേഷനിലേയ്ക്ക് സ്ഥലം മാറ്റം വാങ്ങി വന്ന പോലീസ് ഉദ്യോഗസ്ഥരുടെ സിനീയോറിറ്റി സംബന്ധിച്ച് എന്ത്ങെകിലും പരാമർശം പ്രതിപാദിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ ആയതു വിശദമാക്കുമോ എന്നിങ്ങനെയുള്ള വിവരങ്ങളാണ്.

2. മേപ്പടി വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽഹർജിക്കാരൻ ഒന്നാം അപ്പീൽ സമർപ്പിച്ചു. ഒന്നാം എതിർകക്ഷി നൽകിയ മറുപടി ഒരിക്കൽ കൂടി ശരിവയ്ക്കുന്ന രീതിയിൽ ആയിരുന്നു അപ്പീൽ അധികാരിയുടെ തീരുമാനം.

3. പ്രസ്തുത വിവരാവകാശ അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ തീരുമാനിച്ചു. നേർവിചാരണയ്ക്ക് ഹാജരായ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി.

4. അപ്പീൽഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ടി കാര്യാലയത്തിൽ നിന്നും മറുപടി നൽകിയതായും മേപ്പടി അപേക്ഷയിലെ ഒന്നാമത്തെ ചോദ്യത്തിൽ ആവശ്യപ്പെട്ട സീനിയോറിറ്റി ലിസ്റ്റ് സംസ്ഥാന പോലീസ് മേധാവിയുടെ സി.ഒ.ബി നമ്പർ ഇ4-16312/2018/പി.എച്ച്.ക്യൂ ന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണെന്ന് മറുപടി നൽകിയതായും രണ്ട്, മൂന്ന് ചോദ്യങ്ങളിലൂടെ ആവശ്യപ്പെട്ട ടിയാന്റെ പ്രമോഷന് ഹേതുവായ GO(Rt). No. 801/2012/ Home, DO.No. 401/2014 എന്നിങ്ങനെയുള്ള ഉത്തരവ് ഭേദഗതി ചെയ്തു കൊണ്ടോ ക്യാൻസൽ ചെയ്ത് കൊണ്ടോ യാതൊരു ഉത്തരവും പുറപ്പെടുവിച്ചില്ല എന്നുമാണ് ഒന്നാം എതിർകക്ഷി മൊഴി നൽകിയതും റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും.

5. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രേഖാമൂലം അറിയിച്ചത്, മേൽ പരാമശിച്ച വിവരാവകാശ അപേക്ഷയക്ക് വ്യക്തമായ വിവരങ്ങൾ നൽകാതെ കാലതാമസം വരുത്തിയതു മൂലം അർഹതപ്പെട്ട പ്രമോഷൻ ലഭിക്കാൻ വൈകി എന്നും സാമ്പത്തിക നഷ്ടം ഉണ്ടായി എന്നും ടി അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം വ്യക്തവും കൃത്യവുമായി ലഭ്യമാക്കണമെന്നുമാണ്.

6. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ ആവശ്യം GO(Rt). No. 801/2012/ Home ടി ഉത്തരവിൽ ഭേദഗതികളിൽ എന്തെങ്കിലും ഉണ്ടായിട്ടുണ്ടോ, DO.No. 401/2014 ടി നമ്പർ പ്രകാരം റഗുലറൈസേഷന് എന്തെങ്കിലും മാറ്റമോ നിരാകരിക്കലോ ഉണ്ടോ എന്നാണ് മനസ്സിലാകുന്നത്. ആയതിന് ഉണ്ടോ/ഇല്ലയോ എന്ന് ഒറ്റവാക്കിൽ ഒരു മറുപടി നൽകുന്നതിന് പകരം ഒന്നാം എതിർകക്ഷി നൽകിയിരിക്കുന്ന മറുപടി വിവരാവകാശ നിയമം വകുപ്പ് 2(എഫ്) പ്രകാരം വിവരം എന്ന നിർവചനത്തിൽ വരുന്നതല്ല എന്നാണ്. എസ്.പി.ഐ.ഒയുടെ ഈ മറുപടി നിയമാനസൃതമായിട്ടുള്ളതല്ല എന്ന് കമ്മീഷന് കമ്മീഷന് ബോദ്ധ്യപ്പെട്ടു.

7. ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ശരിയായ രീതിയിലുള്ള മറുപടി നൽകാതെ തെറ്റിദ്ധരിപ്പിക്കുന്ന വിധം മറുപടി നൽകുകയും നിയമത്തെ വളച്ചൊടിക്കുകയും ചെയ്ത ഒന്നാം എതിർകക്ഷിയുടെ നടപടി വിവരാവകാശ നിയമപ്രകാരം ഗുരുതരമായ വീഴ്ചയായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിക്കുന്നില്ലെങ്കിൽ ടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ മേൽ വകുപ്പ്

പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

8. സീനിയോറിറ്റിയിലെ അപാകതകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ അപേക്ഷയ്ക്ക് പൂർണമായ വിവരം നാളിതുവരെ നൽകാത്ത സാഹചര്യത്തിൽ മേപ്പടി അപേക്ഷയിലെ 2, 3 ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും സീനിയോറിറ്റിയിൽ വന്ന അപാകത പരിഹരിച്ച് ശാശ്വത പരിഹാരം കാണാൻ ശ്രമിക്കേണ്ടതാണെന്നും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ ഇപ്രകാരം പ്രവർത്തിച്ച രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

9. ഇപ്രകാരം ഈ അപ്പീൽഹർജി **ഇന്നേദിവസം 2020 ജനുവരി 28 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMATION